# നവകേരളം വാർത്ത

2023 ജൂൺ 16-30 ന്യൂസ്‌ലെറ്റർ

14

ഓൺലൈൻ വായനയ്ക്ക്


# കേരളത്തിന്റെ പൊതുവിദ്യാഭ്യാസരംഗം ലോക നിലവാരത്തിലേക്കുയർത്തും : മുഖ്യമന്ത്രി



## സംസ്ഥാന തല പ്രവേശനോത്സവം മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു

അടിസ്ഥാന സൗകര്യങ്ങളൊരുക്കി കേരളത്തിന്റെ പൊതുവിദ്യാഭ്യാസ മേഖലയെ ലോക നിലവാരത്തിലേക്കുയർത്തുകയാണ് സർക്കാർ ചെയ്യുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. സ്കൂൾ പ്രവേശനോത്സവത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്ത് നിർവഹിച്ചു സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

മലയിൻകീഴ് ജിഎൽപിബി സ്കൂളിൽ നടന്ന ചടങ്ങിൽ നവാഗതർക്ക് മുഖ്യമന്ത്രി സമ്മാനങ്ങൾ വിതരണം



ചെയ്യുകയും സ്കൂളിലെ പുതിയ മന്ദിരം നാടിന് സമർപ്പിക്കുകയും ചെയ്തു. കഴിഞ്ഞ ഏഴ് വർഷമായി നടത്തിയ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം കേരളത്തിലാകെയുള്ള വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യങ്ങളിൽ മാറ്റമുണ്ടാക്കിയതായി മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു.

അധ്യാപകർക്ക് കൂടുതൽ ഉത്തരവാദിത്തമുള്ള കാലത്തു കൂടിയാണ് നാം കടന്നു പോകുന്നത്. വിദ്യാർത്ഥികളിലെ മാറ്റങ്ങൾ സൂക്ഷ്മമായി നിരീക്ഷിച്ച് അതിനനുസൃതമായ പരിഹാരങ്ങൾ നിർദ്ദേശിക്കാൻ അധ്യാപകർക്ക് കഴിയണം. നല്ലതിനൊപ്പം ചേരാനും നല്ലതല്ലാത്തത് തിരിച്ചറിയാനും വിദ്യാർത്ഥികൾക്ക് കഴിയണം. ലഹരിയടക്കമുള്ള സാമൂഹിക തിന്മകളെ ജീവിതത്തിൽ നിന്നൊഴിവാക്കി സാമൂഹിക പ്രതിബദ്ധതയുള്ളവരായി വളർന്നു വരാൻ വിദ്യാർത്ഥികൾക്ക് കഴിയണമെന്നും മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു.

അറിവും കഴിവും ആത്മവിശ്വാസവും കുട്ടികളിൽ വളർത്തുന്നതോടൊപ്പം പരസ്പര സഹകരണവും സഹവർത്തിത്വവും നീതിയും ജനാധിപത്യവും മതനിരപേക്ഷതയും ജീവിത രീതിയാക്കുന്ന സമൂഹത്തെ വളർത്തിയെടുക്കാനുള്ള വിദ്യാഭ്യാസമാകണം നാം ലക്ഷ്യമിടേണ്ടതെന്ന് അധ്യക്ഷ പ്രസംഗത്തിൽ പൊതുവിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി പറഞ്ഞു. പ്ലാൻ ഫണ്ടും, ഇതര ഫണ്ടുകളും പ്രയോജനപ്പെടുത്തി 1500 കോടി രൂപ ചെലവിൽ ആയിരത്തി മുന്നൂറോളം സ്കൂളുകൾക്ക് ഭൗതിക സൗകര്യ വികസനം ഒരുക്കാൻ സംസ്ഥാന സർക്കാരിനായെന്നും അദ്ദേഹം വ്യക്തമാക്കി.

# വലിച്ചെറിയൽമുക്ത നഗരസഭയായി ആന്തൂർ സ്പീക്കർ എ.എൻ. ഷംസീർ പ്രഖ്യാപനം നടത്തി

മാലിന്യം ശാസ്ത്രീയമായി സംസ്ക രിക്കുന്ന സംവിധാനങ്ങൾ പാഠ്യ പദ്ധതിയിൽ ഉൾപ്പെടുത്തി കുട്ടിക ളിലൂടെ മാലിന്യമുക്ത കേരളം സാധ്യമാക്കണമെന്നും പൊതു ജനങ്ങളിൽ നിരന്തരം ബോധവത് കരണം നടത്തി ലക്ഷ്യത്തിലെ ത്തണമെന്നും സ്പീക്കർ എ.എൻ. ഷംസീർ പറഞ്ഞു. ആന്തൂർ നഗരസഭ വലിച്ചെറിയൽമുക്തമായതിന്റെ പ്രഖ്യാപനം നടത്തി സംസാരി ക്കുകയായിരുന്നു അദ്ദേഹം. സർക്കാ രിന്റെ നൂറുദിന കർമപരിപാടിയുടെ ഭാഗമായി വലിച്ചെറിയൽമുക്ത




നഗര സഭയാകാൻ നൽകിയ നിർദ്ദേശം അനുസരിച്ച് പ്രവർത്തനങ്ങൾ ആദ്യ മായി പൂർത്തിയാക്കിയത് ആന്തൂ രാണ്.

ആന്തൂർ നഗരസഭാ ചെയർമാൻ പി. മുകുന്ദൻ അധ്യക്ഷനായി. ആദ്യ വലിച്ചെറിയൽമുക്ത നഗരസഭക്കുള്ള പുരസ്കാരം സ്പീക്കർ ആന്തൂർ നഗര സഭ ചെയർമാന് നൽകി. നൂറ് ശത മാനം യൂസർഫീ ശേഖരിച്ച ആന്തൂർ നഗരസഭ ഹരിത കർമസേനയെ കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി.പി. ദിവ്യ ആദരിച്ചു. സംസ്ഥാന സർക്കാരിന്റെ നൂറുദിന കർമപരി പാടിയുടെ ഭാഗമായി 359 പഞ്ചായ ത്തുകളുടെയും 19 നഗരസഭകളുടെയും വലിച്ചെറിയൽമുക്ത പ്രഖ്യാപനവും ധർമശാലയിലെ ചടങ്ങിൽ നടത്തി. നവകേരളം കർമപദ്ധതി അസിസ്റ്റന്റ് കോർഡിനേറ്റർ ടി.പി. സുധാകരൻ റിപ്പോർട്ട് അവതരിപ്പിച്ചു.

# ലോക പരിസ്ഥിതി ദിനത്തിൽ 1000 പച്ചതുരുത്തുകൾക്ക് കൂടി തുടക്കം കുറിച്ച് ഹരിതകേരളം മിഷൻ

തരിശു ഭൂമിയിൽ പച്ചപ്പൊരുക്കിയും ഒഴിഞ്ഞു കിടക്കുന്ന സ്ഥലങ്ങളും മാലിന്യ നിക്ഷേപ കേന്ദ്രങ്ങളായിക്കിടക്കുന്ന സ്ഥലങ്ങളും വൃത്തിയാക്കി നിലമൊരുക്കിയും തൈകൾ വച്ചുപിടിപ്പിക്കുന്ന ഹരിതകേരളം മിഷന്റെ പച്ചത്തുരുത്ത് പദ്ധതിയിൽ ആയിരം എണ്ണത്തിന് കൂടി ലോക പരി സ്ഥിതി ദിനത്തിൽ തുടക്കമിട്ടു. തിരുവനന്തപുരത്ത് മാണിക്കൽ പഞ്ചായത്തിൽ ആലിയാട് ഗ്രാമീണ ചന്തയുടെ അങ്കണത്തിൽ ആരംഭിച്ച പച്ചത്തുരുത്തിന്റെ ഉദ്ഘാടനം ഭക്ഷ്യ പൊതുവിതരണ മന്ത്രി ജി.ആർ. അനിൽ നിർവഹിച്ചു. ശ്രീചിത്ര ഹോം പരിസരത്തു നടന്ന





പച്ചത്തുരുത്ത് തൈനടീൽ നവകേരളം കർമപദ്ധതി കോർഡിനേറ്ററും ഹരിതകേരളം മിഷൻ വൈസ് ചെയർ പേഴ്സണുമായ ഡോ. ടി.എൻ. സീമ ഉദ്ഘാടനം ചെയ്തു. ഡോ. ആർ.വി.ജി. മേനോൻ, പരിസ്ഥിതി പ്രവർത്തകർ തുടങ്ങിയവർ പങ്കെടുത്തു. കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റെ സഹകരണത്തോടെയാണ് ഈ പച്ച ത്തുരുത്തിന്റെ പരിപാലനം നിർവഹിക്കുന്നത്. നില വിൽ 779 ഏക്കറുകളിലായി 2526 പച്ചത്തുരുത്തുകൾ സംസ്ഥാനത്തു വച്ചുപിടിപ്പിച്ചിട്ടുണ്ട്. പച്ചത്തുരുത്തുകളിൽ വരൾച്ചയെത്തുടർന്നും മറ്റും കേട് വന്നതും നശിച്ചു പോയതുമായ തൈകൾക്ക് പകരം പുതിയ തൈകളും ഇതോടൊപ്പം നട്ടു പിടിപ്പിക്കും.

# തൃശൂർ കളക്ട്രേറ്റ് അജൈവ മാലിന്യ മുക്തമാകും
## സിവിൽ സ്റ്റേഷൻ എം.സി.എഫ്. മന്ത്രി കെ. രാജൻ ഉദ്ഘാടനം ചെയ്തു


റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്ററിന്റെ ഉദ്ഘാടനം റവന്യൂ മന്ത്രി കെ. രാജൻ നിർവഹിച്ചു. തൃശൂർ കളക്ട്രേറ്റ്, ക്വാർട്ടേഴ്സ് എന്നിവിടങ്ങളിൽ നിന്നുള്ള അജൈവ പാഴ്വസ്തുക്കൾ ശേഖരിച്ച് തരം തിരിച്ച് മാറ്റാനായി മെറ്റിരിയൽ ഫെസിലിറ്റേഷൻ സെന്റർ വഴി കഴിയും. പത്ത് ലക്ഷം രൂപ ചിലവിൽ 600 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണത്തിലാണ് എം.സി.എഫ്. നിർമ്മിച്ചിരിക്കുന്നത്. സിവിൽ സ്റ്റേഷനിലെ എല്ലാ ഓഫീസുകളിലെയും, സിവിൽ സ്റ്റേഷനുമായി ബന്ധപ്പെട്ട ക്വാർട്ടേഴ്സുകളിലെയും അജൈവ വസ്തുക്കൾ ശേഖരിച്ച് പുനചംക്രമണത്തിന് കൈമാറുന്നതിനുള്ള സംവിധാനം പുതിയ മെറ്റിരിയൽ കളക്ഷൻ സെന്റർ വഴി ഒരുക്കി.

ടി.ജെ. സനീഷ് കുമാർ എം.എൽ.എ., ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി.കെ. ഡേവിസ് മാസ്റ്റർ, ജില്ലാ കളക്ടർ വി.ആർ. കൃഷ്ണതേജ, പാണഞ്ചേരി പഞ്ചായത്ത് പ്രസിഡന്റ് പി.പി. രവീന്ദ്രൻ, നവകേരളം കർമപദ്ധതി ജില്ലാ കോർഡിനേറ്റർ സി. ദിദിക, തുടങ്ങിയവർ ചടങ്ങിൽ സന്നിഹിതരായി.



# കുട്ടികളെ വിശ്വപൗരന്മാരാക്കുക ലക്ഷ്യം : മന്ത്രി വീണാ ജോർജ്

കുട്ടികളെ വിശ്വപൗരന്മാരായി വളർത്തി എടുക്കുകയാണ് ലക്ഷ്യമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്ജ്. പത്തനംതിട്ട ജില്ലയിലെ ഇരവിപേരൂർ ഗവ. എൽ.പി. സ്കൂളിൽ (മുരിങ്ങശേരി) നിർമ്മാണം പൂർത്തീകരിച്ച കെട്ടിടത്തിന്റെ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. കുട്ടികൾ ഇന്ന് കണ്ടും കേട്ടും അനുഭവിച്ചുമാണ് പഠിക്കുന്നത്. സംസ്ഥാന സർക്കാരിന് കഴിഞ്ഞ ഏഴ് വർഷം സ്കൂൾ അടച്ചുപൂട്ടേണ്ടതോ, ഡിവിഷൻ കുറവ് മൂലം അധ്യാപകരെ മാറ്റേണ്ട സാഹചര്യമോ ഉണ്ടായില്ല. പൊതുവിദ്യാഭ്യാസ യജ്ഞത്തിന്റെ ഭാഗമായി എല്ലാ ക്ലാസുകളും സ്മാർട്ട് ക്ലാസ് റൂം ആക്കിയിരുന്നു. കൂടുതൽ കുട്ടികൾ പൊതുവിദ്യാലയങ്ങളിൽ എത്തുന്നുണ്ട്.



സംസ്ഥാന സർക്കാരിന്റെ 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു കോടി രൂപ അനുവദിച്ചാണ് ഇരവിപേരൂർ ഗ്രാമപഞ്ചായത്തിലെ 115 വർഷത്തെ പാരമ്പര്യമുള്ള ഗവ. എൽ.പി. സ്കൂളിന്റെ പുതിയ കെട്ടിടം നിർമ്മിച്ചത്. 375.29 ച.മീ. വിസ്തൃതിയിൽ ഇരു നിലകളിലായാണ് സ്കൂൾ കെട്ടിടം പൂർത്തിയാക്കിയിരിക്കുന്നത്. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.ബി. ശശിധരൻപിള്ള ചടങ്ങിൽ അധ്യക്ഷനായി.

# കേരളത്തിന്റെ സൗജന്യ ചികിത്സയെ പ്രശംസിച്ച് ഡബ്ല്യു.എച്ച്.ഒ. പ്രതിനിധി

രാജ്യത്തിന് മാതൃകയായ കേരളത്തിന്റെ സൗജന്യ ചികിത്സയെ പ്രശംസിച്ച് ഡബ്ല്യു.എച്ച്.ഒ. ഹെൽത്ത് ഫിനാൻസിംഗ് ലീഡ് ഡോ. ഗ്രേസ് അച്യുഗുരാ. ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജുമായി നടത്തിയ കൂടിക്കാഴ്ചയിലും സ്റ്റേറ്റ് ഹെൽത്ത് ഏജൻസി തിരുവനന്തപുരത്ത് സംഘടിപ്പിച്ച 'അനുഭവ സദസ്' ദേശീയ ശിൽപ്പശാലയിലും സംസ്ഥാനത്തെ സൗജന്യ ചികിത്സ മാതൃകാപരമാണെന്ന് അവർ അഭിപ്രായപ്പെട്ടു. ചെറുതും ഇടത്തരവുമായ സാമ്പത്തിക രാഷ്ട്രങ്ങളിൽ ഇത്തരം പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിന്റെ സാധ്യതകൾ ആരാഞ്ഞു. രോഗികൾക്ക് അവരുടെ സ്വന്തം കൈയ്യിൽ നിന്നുമെടുത്തുള്ള ചികിത്സാ ചെലവ് കൂടുന്നുണ്ടോ, കുറയുന്നുണ്ടോ എന്ന് പഠനം നടത്താൻ ലോകാരോഗ്യ സംഘടന ലക്ഷ്യമിടുന്നതായും ലോകാരോഗ്യ സംഘടനാ പ്രതിനിധി പറഞ്ഞു. ഇന്ത്യയിൽ ഏറ്റവുമധികം സൗജന്യ ചികിത്സ നൽകിയതിന് കേരളത്തിന് ദേശീയ ആരോഗ്യ ഉത്കൃഷ്ട പുരസ്കാരം ലഭിച്ചിരുന്നു. ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എ.പി.എം. മുഹമ്മദ് ഹനീഷ്, സ്റ്റേറ്റ് ഹെൽത്ത് ഏജൻസി ജോ. ഡയറക്ടർ ഡോ. ബിജോയ്, ഡോ. ജയദേവ് സിങ് എന്നിവരും കൂടിക്കാഴ്ചയിൽ പങ്കെടുത്തു.



# തെളിവാനം വരയ്ക്കുന്നവർ - പുസ്തക പ്രകാശനം

വിദ്യാകിരണം പദ്ധതിയുടെ ഭാഗമായി കുട്ടികളിൽ ലഹരിക്കെതിരെ അവബോധം ഉണ്ടാക്കാൻ ലക്ഷ്യം വച്ച് തയ്യാറാക്കിയ പുസ്തകം തെളിവാനം വരയ്ക്കുന്നവർ തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി എം.ബി. രാജേഷ് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി വി. ശിവൻകുട്ടിക്ക് നൽകി പ്രകാശനം ചെയ്തു. കുട്ടികൾക്ക് ചെയ്യാവുന്ന നിരവധി പ്രവർത്തനങ്ങളാണ് ഈ പുസ്തകത്തിന്റെ ഉള്ളടക്കം. അധ്യാപകർക്ക് കുട്ടികളെ എങ്ങനെയെല്ലാം പിന്തുണയ്ക്കാം എന്നതിന് ഒരു മോഡ്യൂളും ഇതിന്റെ ഭാഗമായി തയ്യാറാക്കിയിട്ടുണ്ട്.



# മീനച്ചിലാറിന്റെ തീരത്തു മുള നട്ട് കിടങ്ങൂർ ഗ്രാമപഞ്ചായത്ത്

ഹരിതകേരളം മിഷൻ, മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി, വനംവകുപ്പ് എന്നിവയുടെ നേതൃത്വത്തിൽ മീനച്ചിലാറിന്റെ തീരങ്ങളിൽ മുളത്തൈകൾ വച്ച് പിടിപ്പിക്കുകയാണ് കോട്ടയം ജില്ലയിലെ കിടങ്ങൂർ ഗ്രാമപഞ്ചായത്ത്. പദ്ധതിയുടെ ഉദ്ഘാടനം പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് അശോക് കുമാർ



പൂതമന നിർവഹിച്ചു. സോയിൽ സർവേ തെക്കൻ മേഖല ഉപഡയറക്ടർ പി. രമേശ് പദ്ധതി വിശദീകരണം നടത്തി. കിടങ്ങൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ബോബി മാത്യു അധ്യക്ഷനായിരുന്നു. ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ഹേമ രാജു, ബ്ലോക്ക് പഞ്ചായത്തംഗം ഡോ. മേഴ്സി ജോൺ എന്നിവർ പങ്കെടുത്തു.

മീനച്ചിലാറിന്റെ തീരങ്ങളായ മൂഴിക്കൽകടവ്, കാവാലിപ്പുഴ കടവ്, കുമ്മണ്ണൂർ, ചേർപ്പുങ്കൽ, ചെമ്പിളാവ് എന്നിവിടങ്ങളിലാണ് തൈകൾ വച്ച് പിടിപ്പിക്കുന്നത്. മീനച്ചിലാറിന്റെ തീരങ്ങളിൽ കൂടുതലായി മണ്ണിടിച്ചിലും മണ്ണൊലിപ്പും സംഭവിക്കുന്ന പ്രദേശങ്ങളാണിവ. കാട് പിടിച്ച് കിടക്കുന്ന ഭാഗങ്ങൾ വൃത്തിയാക്കി സാമൂഹ്യ വനവത്ക്കരണ വകുപ്പിൽ ഉത്പാദിപ്പിച്ച നല്ല ഇനം മുളത്തൈകൾ ഹരിതകേരളം മിഷന്റെ സഹകരണത്തോടെ ലഭ്യമാക്കിയാണ് നട്ടുപിടിപ്പിക്കുന്നത്. 2000 തൈകളാണ് തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നട്ടുപിടിപ്പിക്കുന്നത്. ഇതിലൂടെ ഈ പ്രദേശത്തെ പാരിസ്ഥിതിക ആഘാതം തടയുന്നതിനും തീരം മനോഹരമാക്കാനും സാധിക്കും.

# തൊടുപുഴയിലും മൂന്നാറിലും ശുചിത്വ സന്ദേശ റാലി

മാലിന്യമുക്തം നവകേരളം കാമ്പയിന്റെ ഭാഗമായി തൊടുപുഴയിൽ സംഘടിപ്പിച്ച ശുചിത്വ സന്ദേശ റാലി തൊടുപുഴ നഗരസഭ ചെയർമാൻ സനീഷ് ജോർജ് ഫ്ളാഗ് ഓഫ് ചെയ്തു. നഗരങ്ങളെ മാലിന്യമുക്തമാക്കുവാൻ ജനകീയ പങ്കാളിത്തം അനിവാര്യമാണെന്ന് അദ്ദേഹം പറഞ്ഞു. തെനംകുന്ന് മുതൽ മുനിസിപ്പൽ മൈതാനം വരെ സംഘടിപ്പിച്ച റാലിയിൽ തൊടുപുഴ നഗരസഭയും ഇളംദേശം, തൊടുപുഴ ബ്ലോക്ക് പരിധിയിലെ മറ്റ് തദ്ദേശ സ്ഥാപനങ്ങളും പങ്കെടുത്തു. ഹരിത കർമസേന, കുടുംബശ്രീ, ബഹുജന സംഘടനകൾ, വ്യാപാരി വ്യവസായി സംഘടനകൾ എന്നിവരുടെ സഹകരണത്തോടെയാണ് റാലി സംഘടിപ്പിച്ചത്. തൊടുപുഴ വി.എച്ച്.എസ്.എസിലെ എൻ.എസ്.എസ് കുട്ടികൾ ഫ്ളാഷ് മോബും പുറപ്പുഴ ഗ്രാമപഞ്ചായത്തിലെ ഹരിത കർമസേന നാടകവും അവതരിപ്പിച്ചു. ഉറവിട മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ സഞ്ചരിക്കുന്ന പ്രദർശനവും പരിപാടിയോട് അനുബന്ധിച്ച് നടത്തി.

മൂന്നാറിൽ സംഘടിപ്പിച്ച ദേവികുളം ബ്ലോക്ക്തല




ശുചിത്വ സന്ദേശ റാലി ബ്ലോക്ക് പഞ്ചായത്ത് അംഗം ജാക്വിലിൻ മേരി ഉദ്ഘാടനം ചെയ്തു. മൂന്നാർ, മറയൂർ, ദേവികുളം, മാങ്കുളം, ശാന്തൻപാറ, കാന്തലൂർ, വട്ടവട, ഇടമലക്കുടി, ചിന്നക്കനാൽ പഞ്ചായത്തുകളിലെ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, ഹരിത കർമസേന അംഗങ്ങൾ, ആശാവർക്കർ തുടങ്ങിവർ പങ്കെടുത്തു.

# നാടിനു കാവലാകാൻ ഞങ്ങൾ ഹരിത കർമസേനയ്ക്കൊപ്പം കാമ്പയിനുമായി കുടുംബശ്രീ

മാലിന്യമുക്ത നവകേരളം സൃഷ്ടിക്കുന്നതിനായി മെഗാ കാമ്പയിനുമായി കുടുംബശ്രീ എറണാകുളം ജില്ലാമിഷൻ. ‘നാടിനു കാവലാകാൻ ഞങ്ങൾ ഹരിത കർമസേനയ്ക്കൊപ്പം’ എന്ന കാമ്പയിന്റെ പ്രധാന ഉദ്ദേശ്യം ഹരിത കർമസേനയെ കൂടുതൽ ജനകീയമാക്കുക എന്നതാണ്. ഇതിന്റെ ഭാഗമായി ജില്ലയിലെ മുഴുവൻ അയൽക്കൂട്ടങ്ങളെയും ഹരിത അയൽക്കൂട്ടമാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടപ്പാക്കുന്നത്. ജൂൺ ഒന്നിന് ആരംഭിച്ച കാമ്പയിൻ 30 വരെ നീണ്ടു നിൽക്കും. മാലിന്യമുക്ത നവകേരളം, വലിച്ചെറിയൽമുക്ത കേരളം തുടങ്ങിയ കാമ്പയിനുകൾ ജനങ്ങൾ ഏറ്റെടുത്തതിന് പിന്നാലെയാണ് പുതിയ കാമ്പയിൻ സംഘടിപ്പിക്കുന്നത്. കുടുംബശ്രീ പ്രസ്ഥാനത്തിലെ മുഴുവൻ അംഗങ്ങളെയും, ജൈവ മാലിന്യങ്ങൾ കൃത്യമായി ഉറവിടത്തിൽ തന്നെ സംസ്ക്കരിക്കുന്നതിനും അജൈവ മാലിന്യങ്ങൾ കലണ്ടർ പ്രകാരം ഹരിത കർമസേനയ്ക്ക് നൽകുന്നതിനും പ്രാപ്തരാക്കുക എന്നതാണ് ലക്ഷ്യം. എല്ലാ കുടുംബശ്രീ അയൽക്കൂട്ടങ്ങളും കൃത്യമായി യൂസർഫീ നൽകി ഹരിത കർമസേനയ്ക്ക് മാലിന്യം കൈമാറണമെന്നാണ് നിർദ്ദേശം.

# കരകുളം ഇനി സമ്പൂർണ്ണ വലിച്ചെറിയൽ മുക്ത ഗ്രാമപഞ്ചായത്ത്

വലിച്ചെറിയൽമുക്ത നവകേരളത്തിന് ശക്തി പകർന്ന് ശുചിത്വ-സുന്ദര ഗ്രാമപഞ്ചായത്തുകളുടെ പട്ടികയിലേക്ക് കരകുളവും. മാലിന്യമുക്ത നവകേരളം പദ്ധതിയുടെ ഭാഗമായി, സമ്പൂർണ വലിച്ചെറിയൽമുക്ത പഞ്ചായത്തായി കരകുളം ഗ്രാമപഞ്ചായത്തിനെ പ്രഖ്യാപിച്ചു. നവകേരളം കർമപദ്ധതി പ്രോഗ്രാം കോർഡിനേറ്റർ പി. അജയകുമാർ പ്രഖ്യാപനം നടത്തി. കഴിഞ്ഞ നാല് മാസമായി പഞ്ചായത്തൊട്ടാകെ ശുചീകരണ പ്രവർത്തനങ്ങൾ, മാലിന്യക്കൂനകൾ നീക്കം ചെയ്യൽ, മഴക്കാലപൂർവ ശുചീകരണ പ്രവർത്തികൾ തുടങ്ങി നിരവധി പ്രവർത്തനങ്ങൾ സംഘടിപ്പിച്ചിരുന്നു.

ഗ്രാമപഞ്ചായത്തിലെ വാർഡ് സാനിറ്റൈസേഷൻ സമിതികൾ, ഹരിത കർമസേനാംഗങ്ങൾ, കുടുംബശ്രീ-തൊഴിലുറപ്പ് പ്രവർത്തകർ, അങ്കണവാടി പ്രവർത്തകർ, ആശാവർക്കർമാർ, ആരോഗ്യപ്രവർത്തകർ, സന്നദ്ധ സംഘടനകൾ എന്നിവരുടെ സഹകരണത്തോടെയാണ് സമ്പൂർണ വലിച്ചെറിയൽമുക്ത പദ്ധതി യാഥാർത്ഥ്യമാക്കിയത്. വട്ടപ്പാറ സി.പി. ഓഡിറ്റോറിയത്തിൽ നടന്ന പരിപാടിയിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് യു. ലേഖറാണി അധ്യക്ഷയായി. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് വി. അമ്പിളി, ത്രിതല പഞ്ചായത്ത് പ്രതിനിധികൾ തുടങ്ങിയവരും ചടങ്ങിൽ സന്നിഹിതരായി.



# സമ്പൂർണ്ണ മാലിന്യമുക്ത നഗരസഭയായി ആറ്റിങ്ങൽ



ആറ്റിങ്ങൽ നഗരസഭയെ സമ്പൂർണ്ണ മാലിന്യമുക്ത നഗരസഭയായി തിരുവനന്തപുരം ജില്ലാ കളക്ടർ ജെറോമിക് ജോർജ് പ്രഖ്യാപിച്ചു. നഗരസഭയിലെ മികച്ച പ്രവർത്തനങ്ങൾ നടത്തുന്ന ഹരിത കർമസേന അംഗങ്ങളെയും ജില്ലാ കളക്ടർ അഭിനന്ദിച്ചു. നഗരമാലിന്യ സംസ്കരണ ഉപാധികളുടെ പ്രദർശനമേളയും സംഘടിപ്പിച്ചിരുന്നു. മേളയുടെ ഉദ്ഘാടനം ഒ.എസ്. അംബിക എം.എൽ.എ. നിർവഹിച്ചു. മാലിന്യനിർമാർജ്ജനത്തോടൊപ്പം മാലിന്യസംസ്കരണ ഉൽപ്പന്നങ്ങൾ സബ്സിഡിയോടെ വാങ്ങാനും നഗരസഭ അവസരം ഒരുക്കി. ചെയർപേഴ്സൺ എസ്. കുമാരി ചടങ്ങിൽ അധ്യക്ഷത വഹിച്ചു.

# സമ്പൂർണ മാലിന്യനിർമ്മാർജ്ജനത്തിന് നിയമനടപടികൾ ശക്തമാക്കണം: മന്ത്രി എം.ബി. രാജേഷ്

കേരളത്തെ സമ്പൂർണ മാലിന്യമുക്ത സംസ്ഥാനമാക്കാൻ തദ്ദേശ സ്ഥാപനങ്ങൾ വിട്ടുവീഴ്ചയില്ലാത്ത നിലപാട് സ്വീകരിക്കണമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.ബി. രാജേഷ്. നിയമനടപടികൾ ശക്തമാക്കണമെന്നും ബോധവത്കരണ നടപടികൾ മാത്രം മതിയാകില്ലെന്നും മന്ത്രി അഭിപ്രായപ്പെട്ടു. മാലിന്യമുക്ത നവകേരളം പ്രചാരണത്തിന്റെ ഭാഗമായുള്ള ഹരിതസഭകളുടെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്ത് നിർവ്വഹിക്കുകയായിരുന്നു മന്ത്രി.

മാലിന്യമില്ലാത്ത മലയാളനാട് കേരളത്തിന്റെ സ്വപ്നമാണെന്നും കേരള ജനതയുടെ പങ്കാളിത്തതോടെ അത് സാധ്യമാകുമെന്നും ചടങ്ങിൽ അധ്യക്ഷനായിരുന്ന ഗതാഗത വകുപ്പ് മന്ത്രി ആന്റണി രാജു പറഞ്ഞു. ചടങ്ങിൽ വി.കെ. പ്രശാന്ത് എം.എൽ.എ., തിരുവന്തപുരം മേയർ ആര്യ രാജേന്ദ്രൻ, ഡെപ്യൂട്ടി മേയർ പി.കെ. രാജു, തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ശാരദ മുരളീധരൻ, തുടങ്ങിയവർ പങ്കെടുത്തു.




## ഹരിതസഭ ജില്ലകളിലൂടെ




തിരുവനന്തപുരം ജില്ലയിൽ ചിറയിൻകീഴ് പഞ്ചായത്ത് ഹരിതസഭ വി. ശശി എം.എൽ.എ. ഉദ്ഘാടനം നിർവഹിച്ചു.




കൊല്ലം ജില്ലയിൽ എഴുകോൺ ഗ്രാമപഞ്ചായത്ത് ഹരിത സഭ ഉദ്ഘാടനം ധനകാര്യവകുപ്പ് മന്ത്രി കെ.എൻ. ബാലഗോപാൽ നിർവഹിച്ചു.




പത്തനംതിട്ട ജില്ലയിൽ റാന്നി ഗ്രാമപഞ്ചായത്ത് ഹരിതസഭ ഉദ്ഘാടനം അഡ്വ. പ്രമോദ് നാരായൺ എം.എൽ.എ. നിർവഹിച്ചു.




ആലപ്പുഴ ജില്ലയിൽ തഴക്കര ഗ്രാമപഞ്ചയത്ത് ഹരിതസഭ എം.എസ്. അരുൺകുമാർ എം.എൽ.എ. ഉദ്ഘാടനം ചെയ്തു.

## ഹരിത സഭകൾ

പങ്കാളിത്ത വികസന മാതൃകയിൽ മറ്റൊരധ്യായം തീർത്ത് സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പരിസ്ഥിതി ദിനത്തിൽ ഹരിതസഭകൾ സംഘടിപ്പിച്ചു. 1,97,420 പേർ പങ്കെടുത്തു. സംസ്ഥാന സർക്കാരിന്റെ നവകേരളം വൃത്തിയുള്ള കേരളം, വലിച്ചെറിയൽമുക്ത കേരളം കാമ്പയിനുകളുടെ ഭാഗമായി കേരളത്തെ മാലിന്യരഹിത സംസ്ഥാനമാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടക്കുന്നത്. മൂന്ന് ഘട്ടങ്ങളിലായാണ് സമഗ്ര മാലിന്യ പരിപാലനം ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾ. 2023 ജൂൺ അഞ്ചുവരെയുള്ള അടിയന്തര പ്രവർത്തനങ്ങൾ, ഒക്ടോബർ 31 വരെയുള്ള ഹ്രസ്വകാല പ്രവർത്തനങ്ങൾ, 2024 മാർച്ച് വരെയുള്ള ദീർഘകാല പ്രവർത്തനങ്ങൾ എന്നിവയാണ് മൂന്ന് ഘട്ടങ്ങൾ. ജൂൺ 5 വരെയുള്ള അടിയന്തരഘട്ട കർമ പരിപാടിയുടെ ഇതുവരെയുള്ള സമഗ്രമായ വിലയിരുത്തലാണ് ഹരിതസഭകൾ.




കോട്ടയം ജില്ലയിൽ കടുത്തുരുത്തി ഗ്രാമപഞ്ചായത്തിൽ ഹരിതസഭ അഡ്വ. മോൻസ് ജോസഫ് എം.എൽ.എ. ഉദ്ഘാടനം നിർവഹിച്ചു.




ഇടുക്കി ജില്ലയിൽ കുമളി ഗ്രാമപഞ്ചായത്ത് ഹരിതസഭ പഞ്ചായത്ത് പ്രസിഡണ്ട് ശാന്തി ഷാജിമോൻ ഉദ്ഘാടനം ചെയ്തു.




എറണാകുളം ജില്ലയിൽ കടുങ്ങല്ലൂർ പഞ്ചായത്തിലെ ഹരിതസഭയുടെ ഉദ്ഘാടനം മന്ത്രി പി. രാജീവ് നിർവഹിച്ചു. അതോടൊപ്പം പഞ്ചായത്തിന്റെ വലിച്ചെറിയൽമുക്ത പ്രഖ്യാപനവും നടന്നു.



തൃശൂർ ജില്ലയിൽ കൊടുങ്ങല്ലൂർ നഗരസഭയിൽ നടന്ന ഹരിതസഭ കൊടുങ്ങല്ലൂർ എം.എൽ.എ. അഡ്വ. വി.ആർ. സുനിൽകുമാർ ഉദ്ഘാടനം ചെയ്തു.



പാലക്കാട് ജില്ലയിൽ ചെർപ്പുളശ്ശേരി നഗരസഭ സംഘടിപ്പിച്ച ഹരിതസഭ ഉദ്ഘാടനം പി. മമ്മിക്കുട്ടി എം.എൽ.എ. നിർവഹിച്ചു.




മലപ്പുറം ജില്ലയിൽ താനാളൂർ ഗ്രാമപഞ്ചായത്തിൽ ഹരിതസഭ കായിക വകുപ്പ് മന്ത്രി വി. അബ്ദുറഹിമാൻ ഉദ്ഘാടനം ചെയ്തു.




കോഴിക്കോട് ജില്ലയിൽ കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ ഹരിതസഭ മന്ത്രി അഹമ്മദ് ദേവർകോവിൽ ഉദ്ഘാടനം ചെയ്തു.



വയനാട് ജില്ലയിൽ പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത് ഹരിതസഭ വയനാട് ജില്ല പഞ്ചായത്ത് വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി അംഗം മുഹമ്മദ് ബഷീർ ഉദ്ഘാടനം ചെയ്തു.




കണ്ണൂർ ജില്ലയിൽ നാറാത്ത് ഗ്രാമപഞ്ചായത്ത് ഹരിതസഭ ഉദ്ഘാടനം കെ.വി. സുമേഷ് എം.എൽ.എ. നിർവ്വഹിച്ചു.



കാസർഗോഡ് ജില്ലയിൽ കാറഡുക്ക ബ്ലോക്കിൽ ബേഡഡുക്കയിൽ നടന്ന ഹരിതസഭ കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം ഡയറക്ടർ ഡോ. കെ.ബി. ഹെബ്ബാർ ഉദ്ഘാടനം ചെയ്തു.

# പൊതു സ്ഥലങ്ങളിലെ മരങ്ങൾക്ക് പൈതൃക വൃക്ഷപദവി നൽകി വെളിയന്നൂർ ഗ്രാമപഞ്ചായത്ത്



പരിസ്ഥിതി സംരക്ഷണത്തിന് പുത്തൻ ഹരിത ആശയവുമായി കോട്ടയം ജില്ലയിൽ വെളിയന്നൂർ ഗ്രാമപഞ്ചായത്ത്. പൊതുസ്ഥലത്തെ അമ്പത് വർഷത്തിലധികം പഴക്കമുള്ള മരങ്ങൾക്ക് ഗ്രാമപഞ്ചായത്ത് പൈതൃക പദവി നൽകുകയാണ്. പൊതു സ്ഥലങ്ങളിലേയും ഉഴവൂർ-കൂത്താട്ടുകുളം, രാമപുരം-കൂത്താട്ടുകുളം, പുതുവേലി-വൈക്കം എന്നീ റോഡുകളുടെ അരികിലുള്ള മാവ്, ആൽ, ആഞ്ഞിലി മരങ്ങളെയാണ് പൈതൃക വൃക്ഷങ്ങളായി തിരഞ്ഞെടുക്കുക. നവകേരളം കർമപദ്ധതി 2 ന്റെ ഭാഗമായി ഹരിതകേരളം മിഷൻ നടപ്പിലാക്കുന്ന 'നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ' പദ്ധതിയുടെ ഭാഗമായാണ് ഈ ജനകീയ ഇടപെടൽ. കാർബൺ ഡൈഓക്സൈഡ്, മീഥെയിൻ തുടങ്ങിയ ഹരിതഗൃഹ വാതകങ്ങളുടെ പുറന്തള്ളൽ അന്തരീക്ഷത്തിന് താങ്ങാൻ കഴിയുന്ന രീതിയിൽ പരിമിതിപ്പെടുത്തുകയാണ് നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ പദ്ധതിയുടെ ലക്ഷ്യം. മാലിന്യസംസ്കരണം, കൃഷി, ജലസംരക്ഷണം, വൃക്ഷവത്കരണം, ഊർജ്ജസംരക്ഷണം, ഗതാഗതം തുടങ്ങിയ മേഖലകളിലെ ഇടപെടലിലൂടെയാണ് ഇത് സാധ്യമാക്കുക. ഇതിന്റെ ഭാഗമായാണ് ആദ്യഘട്ടത്തിൽ പൈതൃക മരങ്ങളുടെ സംരക്ഷണം ഏറ്റെടുക്കുന്നത്.

വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും, സന്നദ്ധ സംഘടനകളുടെയും സഹായത്തോടെ നടപ്പിലാക്കുന്ന പൈതൃകമരം പദ്ധതി ജൂൺ 5 പരിസ്ഥിതി ദിനത്തിൽ അരീക്കര-പാറത്തോട് വഴിയരികിലെ മാവിൽ ചുവട്ടിൽ തുടക്കമിട്ടു. ഈ പ്രദേശത്തെ മരങ്ങളുടെ തുടർ സംരക്ഷണം ഏറ്റെടുക്കുന്നത് അരീക്കര സെന്റ് റോക്കീസ് യു.പി. സ്കൂൾ വിദ്യാർത്ഥികളാണ്. ചടങ്ങിൽ ജനപ്രതിനിധികളും, ഹരിതകേരളം മിഷൻ, ശുചിത്വമിഷൻ ജില്ലാതല ഉദ്യോഗസ്ഥരും പങ്കെടുത്തു.

# പ്ലാസ്റ്റിക്ക് മാലിന്യം കത്തിക്കുന്നവർക്ക്

## പിഴ ചുമത്തി മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്ത്

പ്ലാസ്റ്റിക്ക് മാലിന്യം കത്തിക്കുന്നവർക്കും പൊതുഇടങ്ങളിൽ മാലിന്യം വലിച്ചെറിയുന്നവർക്കുമെതിരെ കർശന നടപടിയുമായി മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്ത്. ഹരിത കർമസേനക്ക് പ്ലാസ്റ്റിക്ക് വസ്തുക്കൾ നൽകാതെ രഹസ്യമായി വാരിക്കൂട്ടി കത്തിച്ച് പരിസരവാസികൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നവർക്കെതിരെയും നടപടി എടുത്ത് തുടങ്ങി. പൊതു ഇടങ്ങളിൽ മാലിന്യം വലിച്ചെറിയുന്നവരിൽ നിന്ന് വലിയ പിഴ ഈടാക്കി തുടങ്ങി. വിവിധ സ്ഥലങ്ങളിൽ പഞ്ചായത്ത് ഉദ്യോഗസ്ഥർ നടത്തിയ മിന്നൽ പരിശോധനയിൽ പ്ലാസ്റ്റിക് കത്തിച്ചവരിൽ നിന്നും 15000 രൂപ പിഴയീടാക്കി.

# ക്ലീൻ കൂടോത്തുമ്മൽ കാമ്പയിൻ

ചീക്കല്ലൂർ ദർശന ലൈബ്രറിയുടെ നേതൃത്വത്തിൽ ഹരിതകേരളം മിഷൻ വയനാടിന്റെയും കണിയാമ്പറ്റ ഗ്രാമപഞ്ചായത്തിന്റെയും സഹകരണത്തോടെ നടപ്പാക്കുന്ന ക്ലീൻ കൂടോത്തുമ്മൽ കാമ്പയിന് ഒരു വർഷം തികയുന്നു. വാർഷികത്തോടനുബന്ധിച്ച് കൂടോത്തുമ്മൽ ടൗൺ സൗന്ദര്യവൽക്കരണത്തിന് തുടക്കം കുറിച്ചു. ഉദ്ഘാടനം കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ബിനു ജേക്കബ് നിർവഹിച്ചു. നവകേരളം കർമപദ്ധതി ജില്ലാ കോർഡിനേറ്റർ ഇ. സുരേഷ് ബാബു വിശദീകരണം നടത്തി. ഒരു വർഷമായി ലൈബ്രറിയുടെ നേതൃത്വത്തിൽ ടൗൺ ശുചീകരിക്കുന്നതിന് ഒപ്പം തന്നെ കടകളിൽ ബിന്നുകളും സ്ഥാപിച്ചിരുന്നു. ശുചീകരണത്തിന് പുറമെ ടൗൺ സൗന്ദര്യവൽക്കരിക്കും. ടൗണിനോട് ചേർന്ന വാർഡുകളിൽ നൂറു ശതമാനം വാതിൽപ്പടി ശേഖരണവും യൂസർഫീയും ഉറപ്പുവരുത്തുന്നതിന് ലൈബ്രറിയുടെ നേതൃത്വത്തിൽ പ്രത്യേക കാമ്പയിൻ സംഘടിപ്പിക്കും.



# സുരക്ഷിതമാക്കാം പശ്ചിമഘട്ടം
# കണിയാമ്പറ്റയിൽ മാപത്തോൺ



നവകേരളം കർമ്മപദ്ധതി 2 ൽ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടക്കുന്ന സുരക്ഷിതമാക്കാം പശ്ചിമഘട്ടം കാമ്പയിന്റെ ഭാഗമായുള്ള നീർച്ചാൽ മാപത്തോണിനു വയനാട് ജില്ലയിൽ കണിയാമ്പറ്റ ഗ്രാമപഞ്ചായത്തിൽ തുടക്കം കുറിച്ചു. ഗ്രാമപഞ്ചായത്തിലെ വരദൂർ തോട് ഭാഗത്ത് സംഘടിപ്പിച്ച പരിപാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കമല രാമൻ ഉദ്ഘാടനം ചെയ്തു. നവകേരളം കർമപദ്ധതി ജില്ലാ കോർഡിനേറ്റർ ഇ. സുരേഷ് ബാബു കാമ്പയിൻ വിശദീകരിച്ചു.

# അമ്പലവയൽ ഗ്രാമപഞ്ചായത്തിൽ മാപത്തോൺ

നവകേരളം കർമ്മപദ്ധതി 2 ൽ ഹരിതകേരളം മിഷന്റെ സുരക്ഷിതമാക്കാം പശ്ചിമഘട്ടം കാമ്പയിന്റെ ഭാഗമായുള്ള നീർച്ചാൽ മാപത്തോണിനു വയനാട് ജില്ലയിലെ അമ്പലവയൽ ഗ്രാമപഞ്ചായത്തിൽ തുടക്കം കുറിച്ചു. ഗ്രാമ പഞ്ചായത്തിലെ കുപ്പമുടി തോട് ഭാഗത്ത് സംഘടിപ്പിച്ച പരിപാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സി.കെ. അഫ്സത്ത് ഉദ്ഘാടനം ചെയ്തു. ജനപ്രതിനിധികൾ, തൊഴിലുറപ്പ് തൊഴിലാളികൾ, കുടുംബശ്രീ പ്രവർത്തകർ, പ്രദേശ വാസികൾ, ഉദ്യോഗസ്ഥർ തുടങ്ങി 115 പേർ പങ്കെടുത്തു.



# ഔഷധ ഉദ്യാനത്തിൽ തൈകൾ നട്ട് എൻ.എസ്.എസ്. വിദ്യാർത്ഥികൾ

ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വയനാട് ജില്ലയിലെ കൽപ്പറ്റ എൻ.എം.എസ്സ്.എം. ഗവ. കോളേജിലെ അശോകവനം പച്ചത്തുരുത്തിൽ നൂറോളം തൈകൾ നട്ട് എൻ.എസ്.എസ്. വിദ്യാർത്ഥികൾ. കൂവളം, കൂവ, വെള്ള കൊടുവേലി, മുറികൂട്ടി, ഒരില, തിപ്പലി, തഴുതാമ,



കറ്റാർവാഴ, ശംഖുപുഷ്പം, ബ്രഹ്മി തുടങ്ങി മുപ്പത്തിയഞ്ച് ഇനത്തിലായി നൂറ്റമ്പതോളം ഔഷധ ചെടികളാണ് രണ്ടാംഘട്ടത്തിൽ ഇവിടെ നട്ടത്. കോളേജിലെ മൊട്ട ക്കുന്നായിരുന്ന തരിശിടങ്ങളിൽ ഒരു ജൈവ ഔഷധ സസ്യ ആവാസ പ്രദേശം സൃഷ്ടിച്ചെടുക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്, വയനാട് ഹരിതകേരളം മിഷൻ എന്നിവരുടെ ആഭിമുഖ്യത്തിൽ ഗവ. കോളേജ് എൻ.എസ്.എസ്. യൂണിറ്റിന്റെ സഹകരണത്തോടെയാണ് ഔഷധ സസ്യ ഉദ്യാനം കോളേജിൽ തയ്യാറാക്കിയത്. കലാലയത്തോട് ചേർന്നുള്ള പത്ത് സെന്റോളം സ്ഥലത്താണ് അശോക മരങ്ങളും ഔഷധ സസ്യങ്ങളും സ്ഥിതി ചെയ്യുന്നത്. എൻ.എസ്.എസ്. യൂണിറ്റ് പ്രോഗ്രാം ഓഫീസർമാരായ വിനോദ് തോമസ്, ഡോ. നീരജ, നവകേരളം കർമപദ്ധതി പ്രവർത്തകർ തുടങ്ങിയവർ സംസാരിച്ചു.

അലയമൺ ഗ്രാമ പഞ്ചായത്തിൽ വലിച്ചെറിയൽ മുക്ത പഞ്ചായത്ത് പ്രഖ്യാപനം പഞ്ചായത്ത് പ്രസിഡന്റിന്റെ അധ്യക്ഷതയിൽ മൃഗസംരക്ഷണ ക്ഷീര വികസന വകുപ്പ് മന്ത്രി ചിഞ്ചുറാണി നിർവ്വഹിച്ചു.



# കൽപ്പറ്റ നഗരസഭ പരിധിയിൽ മാലിന്യമുക്ത പ്രചാരണ പ്രവർത്തനങ്ങൾ

മാലിന്യമുക്തം നവകേരളം കാമ്പയിനിന്റെ ഭാഗമായി വയനാട് ജില്ലാ പ്രത്യേക കാമ്പയിന് ജില്ലാ തലത്തിൽ തുടക്കമായി. കൽപ്പറ്റ നഗരസഭ പരിധിയിലെ വാർഡുകളിലാണ് പ്രചാരണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്. ഹരിത കർമസേനയ്ക്ക് പാഴ്വസ്തുക്കളും യൂസർഫീയും നൽകാത്ത വീടുകളിലും സ്ഥാപനങ്ങളിലും ജില്ലാ കാമ്പയിൻ സെക്രട്ടറിയേറ്റിന്റെ നേതൃത്വത്തിൽ 3 ഗ്രൂപ്പുകളായി തിരിഞ്ഞ് 65 ഓളം വീടുകളിൽ സന്ദർശനം നടത്തി. കൽപ്പറ്റ നഗരസഭ ചെയർമാൻ മുജീബ് കേയംതൊടി കാമ്പയിനിന്റെ ഉദ്ഘാടനം നിർവഹിച്ചു. നവകേരളം കർമപദ്ധതി ജില്ലാ കോർഡിനേറ്റർ, ആരോഗ്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ, കൗൺസിലർ, കുടുംബശ്രീ പ്രതിനിധികൾ, നവകേരളം ആർ.പി.മാർ, ഹരിത കർമസേന, RGSA കോർഡിനേറ്റർ, മുണ്ടേരി വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലെ എൻ.എസ്.എസ്., എസ്.പി.സി. സ്റ്റുഡന്റസ്, നവകേരളം ഇന്റേൺസ് തുടങ്ങിയവരുടെ നേതൃത്വത്തിൽ വീടുകൾ



സന്ദർശിക്കുകയും ബോധവൽക്കരണം നടത്തുകയും ചെയ്തു.



പച്ചത്തുരുത്ത് ജില്ലാതല ഉദ്ഘാടനം ചവറ ഗവൺമെന്റ് കോളേജിൽ ചവറ എം.എൽ.എ. സുജിത്ത് വിജയൻപിള്ള ഫലവൃക്ഷ തൈ നട്ട് നിർവഹിച്ചു.




ഇടുക്കി ദേവികുളം ബ്ലോക്ക് ശുചിത്വ സന്ദേശ റാലി ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ജാക്കലിൻ മേരി മൂന്നാറിൽ വച്ച് ഉദ്ഘാടനം ചെയ്തു. മൂന്നാർ, മറയൂർ, ദേവികുളം, മാങ്കുളം, ശാന്തൻപാറ, കാന്തല്ലൂർ, വട്ടവട, ഇടമലക്കുടി, ചിന്നക്കനാൽ പഞ്ചായത്തുകളിലെ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, ഹരിത കർമസേന അംഗങ്ങൾ, ആശാ വർക്കേഴ്സ് തുടങ്ങി 150 ഓളം ആളുകൾ പങ്കെടുത്തു.



സുസ്ഥിര തൃത്താല പദ്ധതിയുടെ ആഭിമുഖ്യത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി കാർഷിക വികസന കർഷക ക്ഷേമ വകുപ്പും സംയുക്തമായി ചേർന്ന് നവകേരളം കർമപദ്ധതിയുമായി സഹകരിച്ച് തൃത്താല മണ്ഡലത്തിൽ നടപ്പിലാക്കുന്ന ഒരു ലക്ഷം തെങ്ങിൻതൈ നടീൽ ഉദ്ഘാടനം തിരുമിറ്റക്കോട് പഞ്ചായത്തിൽ തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രി എം.ബി. രാജേഷ് നിർവഹിച്ചു.



വലിച്ചെറിയൽമുക്ത കേരളം കാമ്പയിന്റെ ഭാഗമായി തിരുവനന്തപുരം കളക്ട്രേറ്റ് കോമ്പൗണ്ട് ശുചീകരണം നടത്തി. ജില്ലാ കളക്ടർ ജെറോമിക് ജോർജ് ഉദ്ഘാടനം നിർവഹിച്ചു.



മാലിന്യമുക്ത നവകേരളം കാമ്പയിന്റെ ഭാഗമായി വർക്കല ബ്ലോക്ക് പഞ്ചായത്തിനെ മാലിന്യമുക്ത ബ്ലോക്ക് പഞ്ചായത്തായി പ്രഖ്യാപിച്ചു. ചടങ്ങിനോട് അനുബന്ധിച്ചു വിളംബര ജാഥ സംഘടിപ്പിച്ചു. വർക്കല ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ നടന്ന ചടങ്ങ് ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഷൈലജ ബീഗം ഉദ്ഘാടനം ചെയ്തു.

# ശിശുസൗഹൃദ ഗണിതശാസ്ത്രപഠനം

ശിശു സൗഹൃദ ഗണിതശാസ്ത്ര പഠനം ലക്ഷ്യമിട്ട് വിദ്യാകിരണം മിഷന്റെ നേതൃത്വത്തിൽ നടപ്പാക്കുന്ന 'മഞ്ചാടി' പദ്ധതി പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി ഉദ്ഘാടനം ചെയ്തു. ഇത് സംബന്ധിച്ച് 2023 ജൂൺ 3,4 തീയതികളിൽ എസ്.സി.ഇ.ആർ.ടി.യിൽ സംഘടിപ്പിച്ച ശിൽപ്പശാലയിലാണ് പദ്ധതിക്ക് തുടക്കമിട്ടത്. ചടങ്ങിൽ എസ്.സി.ഇ.ആർ.ടി. ഡയറക്ടർ ഡോ. ജയപ്രകാശ്, വിദ്യാകിരണം മിഷൻ അസി. കോർഡിനേറ്റർ ഡോ. സി. രാമകൃഷ്ണൻ, എസ്.സി.ഇ.ആർ.ടി. കൺസൾട്ടന്റ് ഡോ. സുദർശൻ, റിസർച്ച് ഓഫീസർ ഡോ. ശിവകുമാർ, എസ്.എസ്.കെ.യിലെ എ.കെ. സുരേഷ് എന്നിവർ പങ്കെടുത്തു. വിവിധ ജില്ലകളിൽ നിന്നുള്ള അധ്യാപകരും ശിൽപ്പശാലയിൽ പങ്കെടുത്തു.



കുട്ടികളിൽ 'ഗണിതപ്പേടി' അകറ്റാനും ജീവിത പ്രശ്നങ്ങളടക്കം പരിഹരിക്കാൻ ഗണിതത്തെ എങ്ങനെ പ്രയോജനപ്പെടുത്താമെന്നും അതിനായി കുട്ടികൾക്ക് ആത്മവിശ്വാസം പകരുന്ന തരത്തിൽ ഗണിതശാസ്ത്ര പഠനത്തിനായി പുതിയ രീതിശാസ്ത്രം വികസിപ്പിക്കാനുമാണ് ശിശുസൗഹൃദ ഗണിതശാസ്ത്രപഠനം ലക്ഷ്യമിടുന്നത്. കെ. ഡിസ്കുമായി സഹകരിച്ച് വിദ്യാഭ്യാസ വകുപ്പിലെ വിവിധ ഏജൻസികളുടെ ഏകോപനത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. ഈ വർഷം ആദ്യഘട്ടത്തിൽ തെരഞ്ഞെടുത്ത സ്കൂളുകളിലെ അഞ്ചാം ക്ലാസിലെ കുട്ടികളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്.

# കാനാമ്പുഴയെയറിയാൻ പുഴനടത്തം

കണ്ണൂർ കാനാമ്പുഴ വീണ്ടെടുക്കൽ പ്രവർത്തനങ്ങളുടെ പുരോഗതി കണ്ടറിയാനും തുടർ പ്രവർത്തനത്തിന് രൂപം നൽകാനും പുഴനടത്തം സംഘടിപ്പിച്ചു. കാപ്പാട് ശിശുമന്ദിരം റോഡിൽ രാമചന്ദ്രൻ കടന്നപ്പള്ളി എം.എൽ.എ. ഫ്ളാഗ് ഓഫ് ചെയ്തു. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് ചെയർമാൻ എൻ. ചന്ദ്രൻ അധ്യക്ഷനായി. ചീപ്പ് റോഡ് വരെയായിരുന്നു പുഴനടത്തം.

ഹരിതകേരളം മിഷൻ പ്രതിനിധികൾ, പാടശേഖര സമിതി അംഗങ്ങൾ, ജനകീയസമിതി അംഗങ്ങൾ, കൗൺസിലർമാർ, വിദ്യാർഥികൾ, പ്രദേശവാസികൾ തുടങ്ങിയവരുടെ നേതൃത്വത്തിലായിരുന്നു പുഴനടത്തം. 2018 ലാണ് കാനാമ്പുഴ പുനരുജീവന പദ്ധതി ജനകീയ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്. കാനാമ്പുഴ പുനരുജ്ജീവന ജനകീയ സമിതി നേതൃത്വത്തിലാണ് പ്രവർത്തനങ്ങൾ നടത്തുന്നത്. ഹരിതകേരളം മിഷനാണ് ഏകോപനം. മുണ്ടേരി പഞ്ചായത്തിലെ അയ്യപ്പൻമലയിൽ നിന്നാരംഭിക്കുന്ന അരുവിയാണ് ഒമ്പതു കിലോമീറ്റർ സഞ്ചരിച്ച് അറബിക്കടലിൽ ചേരുന്ന കാനാമ്പുഴ. മൂന്ന് പ്രോജക്ടുകളിലായി എട്ട് കോടി 20 ലക്ഷം രൂപയുടെ സംരക്ഷണ പ്രവൃത്തികളാണ് നടക്കുന്നത്.



രാമചന്ദ്രൻ കടന്നപള്ളി എംഎൽയുടെ നേതൃത്വത്തിൽ കാനാമ്പുഴക്കരികിലൂടെയുള്ള 'പുഴയാത്ര'

# 200 ലൈഫ് ഗുണഭോക്താക്കൾക്ക് കെ. ചിറ്റിലപ്പിള്ളി ഫൗണ്ടേഷന്റെ ധനസഹായം

ലൈഫ് മിഷന്റെ മൂന്നാംഘട്ടത്തിൽ ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസമാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഭൂരഹിതരായി നിലവിൽ അവശേഷിക്കുന്ന 3.23 ലക്ഷം ഗുണഭോക്തക്കൾക്ക് ഭൂമി ലഭ്യമാക്കുകയെന്ന വലിയ ലക്ഷ്യം നേടുന്നതിന് പൊതു സമൂഹത്തിന്റെ പങ്കാളിത്തം ഉറപ്പാക്കാനാണ് 'മനസ്സോടിത്തിരി മണ്ണ്' എന്ന പേരിൽ കാമ്പയിൻ ആരംഭിച്ചത്.



സംസ്ഥാനത്ത് ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഭൂമിയും വീടും ഇല്ലാത്തവരായി കണ്ടെത്തിയിട്ടുള്ള 3,56,435 പേരിൽ 32,871 പേർക്ക് ഭൂമി ലഭ്യമാക്കുന്നതിനും, ഭവന നിർമ്മാണ ധനസഹായം നൽകുന്നതിനും സാധിച്ചു. 'മനസ്സോടിത്തിരി മണ്ണ്' കാമ്പയിന്റെ ഭാഗമായി 2023 മേയ് മാസം വരെ 2455.721സെന്റ് ഭൂമി ലൈഫ് മിഷന് വാഗ്ദാനം ചെയ്യപ്പെട്ടിട്ടുണ്ട്. ഇതിൽ 1346.487 സെന്റ് ഭൂമി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക്/ഗുണഭോക്താക്കൾക്ക് രജിസ്റ്റർ ചെയ്ത് നൽകിയിട്ടുണ്ട്.

ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസത്തിനായി സർക്കാർ ആരംഭിച്ച 'മനസ്സോടിത്തിരി മണ്ണ്' കാമ്പയിന്റെ ഭാഗമാകുന്നതിന് നിരവധി സംഘടനകളും സുമനസ്സുകളും സന്നദ്ധത പ്രകടിപ്പിക്കുകയുണ്ടായി. കെ. ചിറ്റിലപ്പിള്ളി ഫൗണ്ടേഷൻ 1000 ഭൂരഹിത ഭവനരഹിത കുടുംബങ്ങൾക്ക് ഭൂമിവാങ്ങുന്നതിന് ഒരു കുടുംബത്തിന് പരമാവധി 2.5 ലക്ഷം രൂപ നിരക്കിൽ 25 കോടി രൂപ ധനസഹായം നൽകുന്നതിന് സർക്കാരുമായി ധാരണാപത്രം ഒപ്പിട്ടു. ഇതിൻപ്രകാരം 685 ഗുണഭോക്താക്കൾ ഇതിനോടകം ഭൂമി കണ്ടെത്തിട്ടുണ്ട്. ഇതിൽ 229 ഗുണഭോക്താക്കളുടെ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ചു.

ആദ്യ ഘട്ടമായി എറണാകുളം ജില്ലയിലെ ഭൂരഹിതർക്ക് ഭൂമി വാങ്ങുന്നതിന് ധനസഹായം നൽകുന്നതിനാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിട്ടിരുന്നത്. തുടർന്ന് ആലപ്പുഴ, കാസറഗോഡ് എന്നീ ജില്ലകളിലേക്ക് കൂടി ഈ പദ്ധതി വ്യാപിപ്പിക്കാൻ കെ. ചിറ്റിലപ്പിള്ളി ഫൗണ്ടേഷൻ തയ്യാറായി. ആലപ്പുഴ ജില്ലയിൽ ഭൂരഹിതരായി കണ്ടെത്തിയിട്ടുള്ള 18,144 ഗുണഭോക്താക്കളിൽ 749 ഗുണഭോക്താക്കൾക്ക് ഭൂമി ലഭ്യമായിട്ടുണ്ട്. ഈ പദ്ധതി പ്രകാരം ആലപ്പുഴ ജില്ലയിൽ നിന്നും പുതിയതായി ഭൂമി കണ്ടെത്തിയ ഗുണഭോക്താക്കളിൽ ഭൂമിയുടെ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ച 200 ഗുണഭോക്താക്കൾക്ക് രണ്ടര ലക്ഷം രൂപ വീതം ആലപ്പുഴ ജില്ലയിലെ ആര്യാട് ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ ആലപ്പുഴ എം.എൽ.എ. പി.പി. ചിത്തരഞ്ജന്റെ അദ്ധ്യക്ഷതയിൽ ജൂൺ 9 ന് നടന്ന പൊതു സമ്മേളനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.ബി രാജേഷ് വിതരണം ചെയ്തു.

കെ. ചിറ്റിലപ്പിള്ളി ഫൗണ്ടേഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. ജോർജ്ജ് സ്ലീബ പദ്ധതി സംബന്ധിച്ച് വിശദീകരിച്ചു. യോഗത്തിൽ ജനപ്രതിനിധികളും തദ്ദേശ സ്വയംഭരണ സ്ഥാപന, ലൈഫ് മിഷൻ, ചിറ്റിലപ്പിള്ളി ഫൗണ്ടേഷൻ പ്രതിനിധികൾ എന്നിവരും പങ്കെടുത്തു.





Chief Editor : Dr. T.N.Seema, State Coordinator, Navakeralam Karmapadhathi 2
Editorial Team : T.P. Sudhakaran, Asst. Cordinator | B. Manoj, Public Relations Officer | Anu Liya Jose, Young Professional | Archana Shaji, Young Professional
Design & Layout : Fousia P A, Graphic Designer; Content Contribution : District Mission Teams, Navakeralam Karmapadhathi 2
Published by Navakeralam Karmapadhathi 2, Statue, Trivandrum 01